# ചരിത്രരചനയിലെ സൂക്ഷ്മത
## മണപ്പുറത്തെ മുൻനിർത്തിയൊരു പ്രയോഗമാതൃക

**ഡോ. പ്രിയ പി.എ.**
മലയാളവിഭാഗം
സെന്റ് മേരീസ് കോളേജ് തൃശ്ശൂർ

**പ്രബന്ധസംഗ്രഹം**

പ്രാദേശികചരിത്രത്തിന്റെ സൈദ്ധാന്തികമാനങ്ങളെ മുൻനിർത്തി തൃശ്ശൂർ ജില്ലയിലെ തീരപ്രദേശത്തെ മുൻനിർത്തി ചരിത്രരചനയിലെ സൂക്ഷ്മത അന്വേഷിക്കുകയാണ്. മണപ്പുറം എന്ന വ്യവഹരിക്കുന്ന ചേറ്റുവാ മുതൽ ആല വരെ നീണ്ടു കിടക്കുന്ന പ്രദേശമാണ് പഠനവിഷയം. സെറ്റിൽമെന്റ് രജിസ്റ്റർ ഉൾപ്പെടെയുള്ള പഴയ രേഖകളെ മുൻനിർത്തിയും വാമൊഴികളെ മുൻനിർത്തിയും മണപ്പുറത്തിന്റെ സൂക്ഷ്മചരിത്രം അന്വേഷിക്കുന്നു.

**സൂത്രവാക്കുകൾ**

സൂക്ഷ്മചരിത്രരചന, അനാൽസ് ചരിത്രരചന, മണപ്പുറം, പാപ്പിനിമറ്റം, വാമൊഴി.

**വി**ജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടായ ഉണർവ്വാണ് ചരിത്രരചനയിലും പുതുപരീക്ഷണങ്ങൾക്കു കാരണമായത്. ഉത്തരാധുനികചിന്തയിൽ, പാഠത്തിൽ നിന്നും പാഠങ്ങൾ ഉൽപാദിപ്പിക്കുന്നതുപോലെ, ഉപാദാനങ്ങളിൽ നിന്ന് ഒട്ടനവധി വ്യാഖ്യാനങ്ങൾ സൃഷ്ടിച്ചെടുക്കാനും ഏതു വിജ്ഞാനശാഖയെയും പരിധികളില്ലാതെ ചരിത്രരചനയിൽ സന്നിവേശിപ്പിക്കുവാനും നിലവിൽ സാദ്ധ്യത ഏറെയാണ്. അവഗണിക്കപ്പെട്ട ഉപാദാനങ്ങളിൽ നിന്നുപോലും ചരിത്രരചന നിർവ്വഹിക്കാം. ബൃഹദാഖ്യാനങ്ങൾക്കു ബദലായി സൂക്ഷ്മതലചരിത്രത്തിന്

(grand narratives to micro level) പ്രാധാന്യം ലഭിച്ചതോടെ ചരിത്രത്തിന്റെ വസ്തുനിഷ്ഠത, ആധികാരികത, വൈജ്ഞാനിക സ്രോതസ്സുകളെ മുൻനിർത്തിയുള്ള ചരിത്രമെഴുത്ത് എന്നു തുടങ്ങുന്ന പഴയ ധാരണകൾ തിരുത്തപ്പെട്ടു. ചരിത്രം താഴെത്തട്ടിൽ നിന്ന് (History from below) തുടങ്ങിയ കാഴ്ചപ്പാടുകളാൽ ചരിത്രത്തിന്റെ നിർവ്വചനങ്ങളും എല്ലുകകളും പുനർവിചിന്തനങ്ങൾക്കു വിധേയമാക്കപ്പെട്ടു. ഭൂതകാലസ്മൃതികളോ, രാജസ്തുതികളോ അധികാരത്തെ/ അധികാരവർഗത്തെക്കുറിച്ചുള്ള പഠനമോ മാത്രമല്ല ഇന്ന് ചരിത്രം. നിലനിൽക്കുന്ന സാഹചര്യങ്ങൾ രൂപപ്പെടാൻ ഇടയാക്കിയ സാമൂഹിക/ സാമ്പത്തിക/ കാർഷികബന്ധങ്ങൾ, ഉൽപാദന/ വിതരണവ്യവസ്ഥകൾ തുടങ്ങിയവയെല്ലാം തന്നെ സൈദ്ധാന്തിക പിൻബലത്തോടെ ഈ വർത്തമാനകാലഘട്ടത്തിൽ വിശകലനം ചെയ്യപ്പെടുന്നുണ്ട്. പുതുവായനകൾ പിറവിയെടുക്കുന്നുണ്ട്. ഈയൊരു അടിത്തറയിൽ നിന്നുകൊണ്ടായിരിക്കണം ചരിത്രമെഴുത്തിന്റെ പുത്തൻ പ്രവണതകൾ വിശകലനം ചെയ്യപ്പെടേണ്ടത്.

### പ്രാദേശികചരിത്രരചന

പ്രാദേശികചരിത്രത്തിന്റെ പ്രസക്തമായ ഒരു സവിശേഷത അത് ഭൂതകാലത്തെ 'മുകളിൽ നിന്ന് താഴേക്ക്' അല്ല, താഴേനിന്നു മുകളിലേക്ക് കാണുന്നു എന്നതാണ്. അതൊരു ജനാധിപത്യശ്രമം കൂടിയായി മാറുന്നു പുരാണവത്കൃത ചരിത്രരചനയുടെ നേർവിപരീതം. പ്രാദേശികചരിത്രരചനയിലെ മറ്റൊരു ശ്രദ്ധാർഹമായ വസ്തുത, ചരിത്രരചനയുടെ എല്ലാ രൂപങ്ങളെയും ഉൾക്കൊള്ളിക്കാമെന്നതാണ്. സാമൂഹ്യശാസ്ത്രം മുതൽ സ്റ്റാറ്റിസ്റ്റിക്സ് വരെ. അതിനാൽത്തന്നെ പ്രാദേശികചരിത്രത്തിന് കൃത്യമായ ഒരു നിർവ്വചനം സാദ്ധ്യമല്ലെന്നും ചരിത്രകാരന്മാർ സൂചിപ്പിക്കുന്നുണ്ട്.

ഓരോ പ്രദേശത്തെയും കുറിച്ചുള്ള അറിവ് എന്നത് പ്രദേശസംബന്ധം മാത്രമല്ല. സമൂഹം, സംസ്കാരം തുടങ്ങിയവയെല്ലാം ചേർന്നു വരുന്ന വിശാലമായ ഭൂമിശാസ്ത്രത്തിന്റെയും പുതിയൊരു സാംസ്കാരികനിർമ്മിതിയുടെയും കൂടിയാകുന്നു. അക്കാദമികവും അല്ലാത്തതുമായ പ്രവൃത്തിയാണ് പ്രാദേശികചരിത്രരചന. പ്രാദേശികചരിത്രരചന ചരിത്രത്തിന്റെ ഒരു ചെറുപതിപ്പല്ല,

പറയാതെ പോകുന്ന സൂക്ഷ്മകണികകളുടെ ഒരു സമാഹാരമാണ്. ചരിത്രം കഴിഞ്ഞുപോയ കാലത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് എന്ന കാഴ്ചപ്പാട് പുതുധൈഷണികവ്യാപാരങ്ങളിൽ പുനർവായനക്കു വിധേയമായിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്രീയമായ ഒന്നിൽ നിന്ന് സർഗാത്മകമായ തലത്തിലേക്ക് ഉയർന്നിരിക്കുന്നു എന്നതാണ് പുതിയ കാഴ്ചപ്പാട്.

**സൂക്ഷ്മചരിത്രരചന**

അനാൽസ് ചരിത്രരചനാരീതിയിൽ നിന്നാണ് പ്രാദേശിക/സൂക്ഷ്മചരിത്രരചനാ സമ്പ്രദായങ്ങളുടെ തുടക്കമെങ്കിലും സൂക്ഷ്മ ചരിത്രരചനയ്ക്ക് ആഴത്തിലേക്ക് ഇറങ്ങി ചെല്ലാൻ കഴിയുന്ന ഒരു തലമുണ്ട്. സൂക്ഷ്മം എന്നത് സൂക്ഷ്മത എന്നതിനേക്കാൾ വ്യാഖ്യാനം (interpretation) എന്ന നിലക്കാണ് മൈക്രോ ഹിസ്റ്ററി പഠിതാക്കൾ വിലയിരുത്തുന്നത്. രണ്ടിനും ഉപാദാനങ്ങൾ ഒന്നു തന്നെയെങ്കിലും "വ്യക്തികൾ, ഗ്രാമം, നഗരം തുടങ്ങിയ താരതമ്യേന ചെറിയ ഘടകങ്ങളുടെ ഭൂതകാലപഠനമാണ് സൂക്ഷ്മചരിത്രം" മൈക്രോ ഹിസ്റ്ററി എന്ന വാക്ക് ഇൻറർനെറ്റിൽ പരതിയാൽ ആദ്യം ലഭിക്കുന്ന നിർവ്വചനമിതാണ്. സാമാന്യവത്കരണത്തിൽ അവഗണിക്കപ്പെട്ടു പോകുന്ന സൂക്ഷ്മജീവിത യാഥാർത്ഥ്യങ്ങളെ രേഖപ്പെടുത്തുക എന്നതാണ് 'micro history' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ജർമൻ – അമേരിക്കൻ ചരിത്രകാരനായ ജോർജ് ജി. ഇഗ്ഗേഴ്സ് (1997) നിരീക്ഷിക്കുന്നുണ്ട്. 'സൂക്ഷ്മചരിത്രരചനയുടെ ശ്രദ്ധേയനായ വക്താവായി വിശേഷിപ്പിക്കപ്പെടുന്നത് ഇറ്റാലിയൻ ചരിത്രകാരനായ കാർലോ ഗിൻസ്ബർഗിനെയാണ്. ഇറ്റാലിയൻ ചരിത്രകാരനായ ജിയോ വെന്നി ലെവിയുടെ ഗ്രന്ഥങ്ങൾ ഈ മേഖലയിലെ ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ്. വിഘടിതരൂപത്തിലുള്ള വൈരുദ്ധ്യങ്ങൾക്കു മുൻതൂക്കം നല്കി ബഹുതല വീക്ഷണത്തെ സമന്വയിപ്പിക്കുക എന്നതാണ് ലെവിയുടെ കാഴ്ചപ്പാട്. യാഥാർത്ഥ്യത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് രൂപപ്പെടുത്തുന്ന സൂക്ഷ്മചരിത്രം വിശാലമായ ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നുണ്ട്. ഇതു തന്നെയാണ് സൂക്ഷ്മ / സ്ഥൂല ചരിത്രരചനയുടെ പരസ്പരബന്ധം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

സൂക്ഷ്മ/ സ്ഥൂല ചരിത്രത്തെ ഒരു വെബ്സൈറ്റ്/ ഇന്റർനെറ്റ് ശൃംഖലയോട് സാദൃശ്യപ്പെടുത്താറുണ്ട്. വെബ് സൈറ്റ് ഇൻറർനെറ്റിനേക്കാൾ വിശാലവും വളരെയധികം വിവരങ്ങൾ ഉള്ളടങ്ങിയതും പൊതുവായ അറിവുകളുടെ ഇരിപ്പിടവുമാണ്. ബൃഹദാഖ്യാനങ്ങൾക്കു ബദലായി വിഷയത്തെ സമീപിക്കാൻ സാധിക്കുന്നുവെന്നതാണ് സൂക്ഷ്മചരിത്രരചനയുടെ നേട്ടം. സൂക്ഷ്മചരിത്രരചനയുടെ അവാന്തരവിഭാഗങ്ങളാണ് യഥാർത്ഥത്തിൽ പ്രാദേശികചരിത്രരചന. കേരളത്തിന്റെ സാഹചര്യത്തിൽ സൂക്ഷ്മചരിത്രരചനയെന്ന രീതിപദ്ധതി ഇന്നും അപരിചിതമാണ്.

**കേരളീയപരിസരം**

കേരളത്തിന്റെ സാഹചര്യത്തിൽ പ്രാദേശികചരിത്രാന്വേഷണങ്ങൾ സ്കൂൾതലത്തിലുള്ള പ്രൊജക്ടുകളായിപ്പോലും നടത്തിവരുന്നുണ്ട്. ദേശചരിത്രത്തെക്കുറിച്ച് കിട്ടാവുന്ന വാമൊഴികൾ, രേഖകൾ, ഗ്രന്ഥപരാമർശങ്ങൾ, നാട്ടുവഴക്കങ്ങൾ, സ്ഥലനാമങ്ങൾ, സ്ഥലനാമപുരാണങ്ങൾ തുടങ്ങിയവയെല്ലാം പഠിക്കപ്പെടുന്നു. സ്വീകാര്യമായ ഒരു രീതിശാസ്ത്രപദ്ധതി സാധ്യമാകാത്ത മേഖലയാണിത്. ഒരു പ്രദേശം മറ്റൊന്നിൽ നിന്ന് ഭിന്നമായിരിക്കെ പൊതുമാനദണ്ഡങ്ങൾക്ക് യുക്തിയില്ല. പ്രാദേശികചരിത്രരചനയ്ക്ക് എന്നും ആധാര/ പ്രഭവമാണ്. ആധാരങ്ങളുടെ ലഭ്യത ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് അനുസൃതമായിരിക്കുമെന്നതിനാൽ ഫീൽഡ് വർക്ക് (മണ്ഡലവൃത്തി) സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. കാർഷികവ്യാപനം വിലയിരുത്തപ്പെടണം. ദേശത്തെ തൊഴിൽക്കൂട്ടായ്മകൾ, ജാതിശ്രേണി, അധികാരബന്ധങ്ങൾ, വിവാഹക്രമങ്ങൾ, അറിവുരൂപങ്ങളുടെ വികാസം, സ്ഥലനാമം, കുലനാമം, ഗൃഹനാമപഠനം, പ്രാദേശിക ജലസ്രോതസ്സുകൾ, ഭൂമിശാസ്ത്രസവിശേഷതകൾ ലഭ്യമായ ചരിത്രരേഖകൾ തുടങ്ങിയവയെല്ലാം വിശകലനവിധേയമാക്കണം.

**പ്രയോഗമാതൃക**

മദ്രാസ് പ്രസിഡൻസി ബ്രിട്ടീഷ് മലബാറിന്റെ ഭാഗമായിരുന്ന വിശാല പൊന്നാനി താലൂക്കിലുൾപ്പെട്ടിരുന്ന തൃശ്ശൂർ ജില്ലയുടെ തീരപ്രദേശമാണ് പഴയകാല മണപ്പുറം. മണപ്പുറം സാൻ

ഡിലാന്റ്, ചേറ്റുവാമണപ്പുറം, അയിരൂർനാട്, പഴഞ്ചേരിനാട്, നാട്ടികമണപ്പുറം, നാട്ടികഫർക്ക എന്നിങ്ങനെ പല പേരുകളിൽ മണപ്പുറം ഉൾപ്പെടുന്ന പ്രദേശങ്ങൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ദ്വീപു സ്വഭാവമുള്ള പൂഴിമണൽ പ്രദേശമാണിത്. കേരള ചരിത്ര സംബന്ധിയായ എല്ലാ ഗ്രന്ഥങ്ങളിലും മണപ്പുറവും പടയോട്ടങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. കൊടുങ്ങല്ലൂരിനു സമീപ പ്രദേശം, കോഴിക്കോടിനും കൊച്ചിക്കുമിടയിലെ തന്ത്രപ്രധാന ഇടം തുടങ്ങി മണപ്പുറത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ നിരവധിയായിരുന്നു.

ചേറ്റുവാ മുതൽ ആല വരെ നീണ്ടു കിടക്കുന്ന മണപ്പുറമെന്ന പഠനപ്രദേശത്ത് നിലനിന്നിരുന്ന ചേറ്റുവാകോട്ടയെക്കുറിച്ച് ചരിത്രം വിസ്തരിച്ചു തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചേറ്റുവാ കോട്ട പണി കഴിപ്പിക്കുന്ന സമയത്തുതന്നെ സാമൂതിരി ചേറ്റുവായ്ക്കും കൊടുങ്ങല്ലൂരിനും മധ്യേ പാപ്പിനിമറ്റം/ വട്ടത്തും ഒരു കോട്ട/വാട നിർമിച്ചിരുന്നു. സി.ഇ. 1715 ൽ. ചേറ്റുവാകോട്ട, പാപ്പിനിമറ്റത്തെ കോട്ട എന്നിവയോടു ചേർത്തുവെയ്ക്കേണ്ട മറ്റൊരു വാട (താല്ക്കാലിക നിർമ്മിതി) കൂടി മണപ്പുറത്തുണ്ടായിരുന്നു. സാമൂതിരി, ഡച്ചുരേഖകളിൽ പരാമർശിക്കപ്പെടുന്ന 'വെളുത്ത വാട' എന്ന നിർമ്മിതിയാണിത്. ചേറ്റുവാക്കോട്ട മാത്രം ഇന്ന് നാലുവശവും കിടങ്ങുകളാൽ ചുറ്റപ്പെട്ട ഒരു കിണറിന്റെയും ചുമരിന്റെയും ചവിട്ടുപടികളുടെയും അവശിഷ്ടങ്ങൾ മാത്രമുള്ള വിശാലമായ ഒരു പറമ്പായി ഇന്നും അവശേഷിക്കുന്നുണ്ട്. മറ്റു രണ്ടു കോട്ട/വാട എവിടെയെന്ന് പ്രദേശവാസികളുടെ വാമൊഴികളിൽ ഓർമകളായിപ്പോലും അവശേഷിക്കുന്നില്ല എന്നിരിക്കേ പ്രസ്തുത നിർമ്മിതികളുടെ ഏകദേശ സ്ഥാനനിർണയം നടത്തുക എന്നത് ഏറെ ക്ലേശകരമായ ഒന്നായിരുന്നു. പ്രാഥമിക ആധാരമായി ഉപയോഗിച്ചത് കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള പഴയ സെറ്റിൽമെന്റ് രജിസ്റ്ററുകൾ, 'ഹിന്തുവി, ജമാപന്തിരേഖകൾ തുടങ്ങിയവയായിരുന്നു. ഡച്ചുരേഖകൾ പരിശോധിച്ച സന്ദർഭത്തിൽ നെതർലാന്റിലെ നാഷണൽ ആർക്കേവിൽ നിന്നുള്ള ചേറ്റുവാ കോട്ടയുടെയുടെയും പാപ്പിനിമറ്റത്തെ വാടയുടെയും രേഖാചിത്രങ്ങൾ കൂടി ലഭ്യമായതോടെ സ്ഥാനനിർണയം ഭൂമിശാസ്ത്ര സവിശേഷതകളെയും

സ്ഥലനാമ, കുലനാമ, ഗൃഹനാമപഠനത്തെയും മുൻനിർത്തി വിശകലന വിധേയമാക്കുകയായിരുന്നു.

**പാപ്പിനിവട്ടം കോട്ട**

ഒരു പ്രദേശത്തിന്റെ സൂക്ഷ്മപഠനത്തിൽ ഭൂവിസ്തൃതി, ജനസംഖ്യ എന്നിവ ശ്രദ്ധേയമാണ്. ഒരു കാലത്ത് ജനാധിവാസം കുറഞ്ഞ പ്രദേശം അവിടെ ജനങ്ങൾ ഭൂമി വാസയോഗ്യമാക്കി താമസിക്കുന്ന സമയത്ത് ദിക്കുകൾ തിരിച്ചറിയാൻ വേണ്ടി ഭൂപ്രകൃതിയിലെ മാറ്റം വരാത്ത ഘടകങ്ങളെ തിരിച്ചറിഞ്ഞ് പേരുകൾ നൽകും. ദേശചരിത്രപഠനത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം അഥവാ കുടുംബചരിത്രം. ചരിത്രരേഖകളിൽ ഇവയെയും കണ്ണിചേർക്കാം. പാപ്പിനിവട്ടത്ത് കോട്ട/വാട നിലനിന്നിരുന്നതായി കണ്ടെത്തിയ പ്രദേശത്തെ ഗൃഹനാമം/ സ്ഥലനാമം എന്നിവയിൽ വാടയിൽ, വട്ടപ്പറമ്പിൽ, കിടങ്ങിൽ, മുളം പറമ്പിൽ, പടപ്പറമ്പിൽ, പോർക്കളത്ത്, വാട്ടയിൽ പടിഞ്ഞാറെ പറമ്പ് തുടങ്ങിയവ ശ്രദ്ധേയമാണ്.

ഡച്ച് പുരോഹിതനായിരുന്ന വിഷറിന്റെ കുറിപ്പുകളിൽ സാമൂതിരിയെ എതിരിട്ട ഡച്ച് ആക്രമണത്തിന്റെ ഭീകരത വിവരിക്കുന്നുണ്ട്. ഒരേസമയം കോട്ട മൂന്നു വശത്തു നിന്നുമുള്ള ആക്രമണം നേരിടുകയും കോട്ടയ്ക്കു ചുറ്റുമുള്ള മൂന്നു വാടകളിൽ രണ്ടെണ്ണം ഡച്ചുകാർ കൈവശപ്പെടുത്തുകയും ചെയ്തു. കോട്ടയിലെ വെടിമരുന്നിനു തീ പിടിക്കുകയും രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ സാമൂതിരിപ്പടയാളികളെ ക്രൂരമായി ആക്രമിക്കുകയും ചെയ്തു. കോട്ടയ്ക്കകത്തും പുറത്തുമായി മൂവായിരം പേർ കൊല്ലപ്പെട്ടു എന്നും അതല്ല ആയിരമേയുള്ളൂ എന്നും വ്യത്യസ്ത പറച്ചിലുകൾ ഉണ്ടായിരുന്നു. കോട്ടയെ ഇടിച്ചു നിലംപരിശാക്കുകയും ചെയ്തു. മരിച്ചവരുടെ അസ്ഥിക്കഷ്ണങ്ങൾ കോട്ടയ്ക്കു ചുറ്റുമുള്ള വയലുകളിൽ വളരെക്കാലം ചിതറിക്കിടക്കുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് സെറ്റിൽമെൻറ് രജിസ്റ്ററിൽ പരാമർശിക്കുന്ന 'ചത്ത കണ്ടം നില ഥർത്ത പറമ്പ്' എന്നത് ഇതിനോട് ചേർത്തുവായിക്കണം. ഒരേക്കർ എട്ടു സെന്റ് അഞ്ചു സെന്റ് സ്ഥലം റീം സർവേയിൽ പുലാപറമ്പിൽ അച്യുത കുറുപ്പിന്റെ കൈവശമാണ്. പാപ്പിനിവട്ടത്തിന്റെ 1905-ലെ സ്കെച്ച് പരിശോധിക്കുമ്പോൾ ഇന്നത്തെ ദേശീയപാത 66

ന് പടിഞ്ഞാറ് പുതിയകാവ് പള്ളിയുടെ തെക്കുപടിഞ്ഞാറായി കിടക്കുന്ന പഴയ സർവ്വേ നമ്പർ 47, 48, 45, 74 എന്നിവയെല്ലാം വാട നിന്നിരുന്ന പ്രദേശങ്ങളായി കണ്ടെത്താനാകും. 1715 ൽ തുടങ്ങി 1717 ജനവരിയിൽ അവസാനിച്ച കോട്ടയുടെ ചരിത്രം ചെറിയ ഒരു കാലയളവിന്റേതായതു കൊണ്ടാവാം പ്രദേശവാസികൾപോലും അറിയാതെ പോയത്.

**വെളുത്തവാട**

'വെളുത്ത കടവ്' എന്ന പേരുമാത്രം നിലനിൽക്കുന്ന ഒരു പ്രദേശം പനങ്ങാടിനും ആലസ്സും ഇടയിലുണ്ട്. കനോലിക്കനാലിലെ പ്രധാന ചരക്കിറക്ക് കടവുകളിലൊന്നായിരുന്നു ഈ വെളുത്തകടവ്. വെളുത്ത വാടയെക്കുറിച്ച് പരാമർശിക്കപ്പെടുന്നത് 1668-69 കാലഘട്ടത്തിലെ സാമൂതിരിയുമായി ബന്ധപ്പെട്ടാണ്. വെളുത്തനമ്പ്യാർ പരാമർശിക്കപ്പെടുന്നതും ഇവിടെയാണ്. തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിന്റെ ഊരാളന്മാരിലൊരാൾ വെളുത്ത നമ്പിയാരാണ്. തിരുവഞ്ചിക്കുളത്തിനു വടക്കുഭാഗത്താണ് താമസം എന്നും വ്യക്തമാണ്. ഈ വെളുത്തനമ്പ്യാരുടെ ഭവനം ലന്തക്കാർ തീയിട്ടപ്പോഴാണ് സാമൂതിരിയുടെ കൈവശമിരുന്ന ചേരമാൻ പെരുമാളിന്റെ വാൾ വെന്തുപോയതെന്നും കെ.പി. പത്മനാഭമേനോൻ പറയുന്നു. വെളുത്തനമ്പ്യാരുടെ ഭവനത്തെക്കുറിച്ച് സൂചനകൾ ലഭ്യമല്ല എങ്കിലും 'വെളുത്ത വാട'യെക്കുറിച്ച് സെറ്റിൽമെന്റ് രജിസ്റ്ററുകളിൽ സൂചനയുണ്ട്. പനങ്ങാട്ട് അംശം പഴയ സർവ്വേ നമ്പർ പ്രകാരം 42 ൽ 21, 22 എന്നിവ വെളുത്തവാടയിൽ പറമ്പാണ്. റീസെറ്റിൽമെന്റ് രജിസ്റ്ററിലാകട്ടെ 145 -5 വെളുത്ത വാടയിൽ പറമ്പ്, വെളുത്ത വാടയിൽ വടക്കെ പറമ്പ്, 154 - 10 വെളുത്തവാട തെക്കെപറമ്പ്, വെളുത്തവാട പുഴുളർത്തപറമ്പ് എന്നിങ്ങനെ കാണാം. ഇന്നത്തെ വെളുത്ത കടവിനോടു ചേർന്നുള്ള പ്രദേശങ്ങൾ തന്നെയാണിത്.

**ചേറ്റുവാക്കോട്ട**

പ്രാചീനകാലം തൊട്ടേ പ്രശസ്തമെങ്കിലും ചേറ്റുവാ ചരിത്രത്തിൽ ശ്രദ്ധേയമാകുന്നത് സി.ഇ. 1500 - കൾക്കു ശേഷമാണ്. 1714 -ലാണ് ഡച്ചുകാർ കോട്ട കെട്ടുവാനാരംഭിക്കുന്നത്. തുടർന്ന്

സാമൂതിരിയുടെ പിടിച്ചടക്കൽ, ഡച്ച് സന്ധി, ബ്രിട്ടീഷുകാർ, ടിപ്പു കൈവശപ്പെടുത്തൽ തുടങ്ങി സംഭവബഹുലമായ ഒരു ചരിത്രം കോട്ടക്കുണ്ട്. ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. കോട്ട ഇന്ന് തകർന്നടിഞ്ഞു കഴിഞ്ഞു. പ്രാദേശികമായി ടിപ്പുകോട്ട എന്നറിയപ്പെടുന്നതിനാൽ ടിപ്പു സുൽത്താൻ നിർമ്മിച്ച കോട്ടയാണെന്ന തെറ്റിദ്ധാരണ വ്യാപകമായി നിലനിൽക്കുന്നുമുണ്ട്. മാത്രമല്ല കണ്ണൂർ, കാസർഗോട്, പാലക്കാട് കോട്ടകൾ പോലുള്ള ഒരു കോട്ട പ്രതീക്ഷിച്ച് ചേറ്റുവാക്കോട്ട കാണാനെത്തുന്നവരും നിരവധിയാണ്. ചരിത്രപുസ്തകങ്ങളിലോ കേരളത്തിലെ ചരിത്ര സൂക്ഷിപ്പുകളിലോ പോലും ലഭ്യമല്ലാത്ത ചേറ്റുവാക്കോട്ടയുടെ രേഖാചിത്രം ഡച്ചുശേഖരത്തിലുണ്ട്.

പ്രാദേശികചരിത്രരചനയുടെ ഉപാദാനങ്ങൾ തേടി ചെറുതിൽ നിന്നും വലുതിലേക്കും തിരിച്ചും സഞ്ചരിക്കാനാകും. വർത്തമാന കാലത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തിലേക്കു കടന്നുചെല്ലുകയും ഉപാദാനങ്ങൾ മുൻനിർത്തി ക്രമികവും സൂക്ഷ്മവുമായ ചരിത്രനിർമിതി സാധ്യമാക്കുക, അതാണ് പ്രാദേശിക സൂക്ഷ്മചരിത്രരചനയുടെ കാതൽ. ഇത് ഭൂതകാലത്തിന്റെ സമ്പൂർണ്ണമായ വീണ്ടെടുക്കലല്ല, ഒരോ ചരിത്രസംഭവത്തിന്റെയും പുനർവായനകൾക്കും വീണ്ടെടുക്കലുകൾക്കുമുള്ള സാദ്ധ്യതകളെ സൃഷ്ടിക്കലാണ്, പുതുനിർമിതികളാണിവ.

## ഗ്രന്ഥസൂചി

പത്മനാഭമേനോൻ, കെ.പി., 1989 *കൊച്ചിരാജ്യചരിത്രം*, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്.

വേലായുധൻ പണിക്കശ്ശേരി., 2016 കേരളചരിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.

Moens Adrian, 1781 *Memoir written in the year 1781*, Dutch Records M.16, Regional Archives, Eranakulam.

Van Rheede, Hendrik., 1908 *Memoir written in the year 1677 A. D.,* Regional Archives, Eranakulam.

researchscholarpriya@gmail.com